അടിസ്ഥാനത്തിലോ കുട്ടനാട്ടിൽ ഏതാനും പൻകിടഭൂസ്വാമികൾ കായൽനിലങ്ങൾ കൈവശപ്പെടുത്തിയിട്ടുണ്ട്. ഈ ഭൂമി വീണ്ടെടുത്ത് അർഹരായവർക്ക് വിതരണം നടത്തുന്നതിനായി നടപടികൾ എടുത്തുവരുന്നു. ഇതുപോലെ മറ്റു പൻകിട ജൻമിമാരും കമ്പനിഉടമകളും അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് അവ വീണ്ടെടുക്കുന്നതിനായി ഡിപ്പാർട്ടുമെൻറിൽ ഒരു പ്രത്യേക വിഭാഗം സംഘടിപ്പിച്ചു പ്രവർത്തിച്ചുവരികയാണ്. ഗവൺമെൻറ് വക ഭൂമി കിട്ടിയവർക്ക് ബാങ്കുകളിൽ നിന്നും വായ്പലഭിക്കുന്നതിന് സഹായകരമായ രീതിയിൽ ഇപ്പോൾ കേരള ഭൂമി പതിവ് നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടെന്ന കാര്യം ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

ഭൂരഹിതരായ കൃഷിത്തൊഴിലാളികളെ പുറമ്പോക്കു ഭൂമികളിൽ അധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്. ഓരോ കുടുംബത്തിനും ഗ്രാൻറായി 825 രൂപയും വായ്പയായി 175 രൂപയും കിട്ടുത്തക്കവണ്ണം ധനസഹായം നൽകുന്നു. പത്തു ലക്ഷം രൂപ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

കൈത്തറിരംഗം

കൈത്തറിരംഗത്ത് കുറെക്കാലമായി അനുഭവപ്പെട്ടു വരുന്ന ഞെരുക്കങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും സ്വാഗതാർഹമായ ആശ്വാസം 1969-ൽ സംജാതമായിട്ടുണ്ട്. സംസ്ഥാനത്തിനകത്തുള്ള നെല്ലുല്പാദനത്തിൻെറ വർദ്ധനയും കേന്ദ്രത്തിൽനിന്നും ലഭിച്ച കൈത്തറിധാന്യങ്ങളുടെ അളവിലുള്ള വർദ്ധനയും കൈത്തറിനില മെച്ചപ്പെടുത്തുന്നതിനു സഹായിച്ചു. 1969-ൽ പ്രായപൂർത്തിയായ ഒരാളിന് പ്രതിദിനം 160 ഗ്രാം എന്ന തോതിൽ 34 ആഴ്ചകളോളം അരിറേഷൻ വിതരണം ചെയ്യാൻ സാധിച്ചു. ശേഷിച്ച കാലയളവിൽ പ്പോലും 120 ഗ്രാം എന്നകണക്കിന് റേഷൻ നൽകുകയുണ്ടായി. അരിയുടെ പ്രതിശീർഷലഭ്യത മുൻവർഷത്തിൽ 221 ഗ്രാം ആയിരുന്നുവെങ്കിൽ 1969-ൽ അത് 264 ഗ്രാമായി വർദ്ധിക്കുകയാണ് ചെയ്തത്. തൻമൂലം തുറന്ന കമ്പോളത്തിലുള്ള അരിയുടെ വിലക്കയറ്റം തടയുന്നതിനു സാധിച്ചു. നെല്ലെടുപ്പു സമയങ്ങളൊഴിച്ചുള്ള കാലങ്ങളിൽ സംസ്ഥാനത്തിനകത്തുള്ള ചെക്കുപോസ്റ്റുകൾ നിറുത്തലാക്കിയതും മിച്ച സംസ്ഥാനങ്ങളിൽനിന്നും സാധാരണഗതിയിലുള്ള വാണിജ്യ മാർഗ്ഗങ്ങളിൽകൂടി കൈത്തറിധാന്യങ്ങൾ ഇറക്കുമതി ചെയ്യാൻ അനുവദിച്ചതും കൈത്തറിധാന്യങ്ങളുടെ മൊത്തവ്യാപാരവും വിതരണവും കൈത്തറിധാന്യ കോർപ്പറേഷനെ ഏൽപ്പിച്ചതുമാണ് ഈ ഗവൺമെൻറിൻെറ കൈത്തറിനയത്തിലെ എടുത്തുപറയാവുന്ന സവിശേഷതകൾ.

ഈ വർഷം ഫെബ്രുവരി ഒന്നാം തീയതി മുതൽ താൽക്കാലികമായി അരിറേഷൻ 120 ഗ്രാമായി കുറച്ചിട്ടും തുറന്ന കമ്പോളത്തിലെ അരിയുടെ വിലയ്ക്കും ലഭ്യതയ്ക്കും കാണത്തക്ക വ്യത്യാസം വന്നിട്ടില്ലെന്നുള്ളത് ശ്രദ്ധേയമത്രേ. അടുത്ത മാസം മുതൽ ഈ കുറവു പരിഹരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

മൽസ്യബന്ധനം

സംസ്ഥാനത്തിൻെറ എന്നു മാത്രമല്ല, നമ്മുടെ രാജ്യത്തിൻെറ തന്നെ സമ്പദ്ഘടനയിൽ മൽസ്യബന്ധനത്തിന് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. നമ്മുടെ രാജ്യത്തിൻെറ കടലോരങ്ങളിൽ പത്തു ശതമാനം മാത്രമേ കേരളത്തിനേറതായിട്ടുള്ളുവെങ്കിൽത്തന്നെയും മൊത്തം സമുദ്രോല്പന്നങ്ങളുടെ 40 ശതമാനവും കേരളത്തിൽനിന്നാണ് ലഭിക്കുന്നത്. മൽസ്യബന്ധനരംഗം യന്ത്രവൽക്കരിക്കുന്നതിനും നാം സ്തുത്യർഹമായ പുരോഗതി നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുറംകടലിൽ ആറും ഏഴും ദിവസം തുടർച്ചയായി കഴിയുന്നതിനുപയുക്തമായ ട്രോളറുകളും ഉപയോഗിച്ചുകൊണ്ടു മൽസ്യബന്ധനത്തിൽ നാം പുതിയ പന്ഥാവിലേക്ക് പ്രവേശിച്ചുകഴിഞ്ഞു.

മൽസ്യബന്ധനത്തുറമുഖങ്ങളുടെ വികസനം അതിശീഘ്രം പുരോഗമിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പണി ഉടൻ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. കൊച്ചിയിലെ മൽസ്യബന്ധനസൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. നീണ്ടകരയിലെ തുറമുഖത്തിന്റെ പണിയും കഴിയുന്നതുംവേഗം ആരംഭിക്കുന്നതിനുദ്ദേശിക്കുന്നു.

മുന്നൂറുകോടി രൂപ മുതൽമുടക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തിനായി നാം സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെസമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കു അതുല്യമായ സാദ്ധ്യതകളും ഉൾക്കൊള്ളുന്നതും നമ്മുടെ വിദേശനാണ്യ സമ്പാദ്യം ഗണ്യമായി വർദ്ധിക്കുന്നതിനു സഹായകമാകുന്നതുമായ ഈ ബൃഹത്പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി പ്രത്യേകം പ്രതിപാദിക്കേണ്ടതില്ലല്ലോ. ഈ പദ്ധതിയുടെ ദേശീയപ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിൽ നിന്നും ഉദാരമായ സാമ്പത്തികസഹായം ലഭിക്കുമെന്നു പ്രത്യാശിക്കാം.

തെരഞ്ഞെടുക്കപ്പെട്ട ചില പ്രദേശങ്ങളിൽ മൽസ്യബന്ധന പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും തയ്യാറാക്കിവരുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ പണം അഗ്രിക്കൾച്ചറൽ റീ ഫൈനാൻസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇപ്രകാരം ഒരു പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി, 1970–71–ലെ ബഡ്ജറ്റിൽ ടോക്കൺസംഖ്യ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പരിപാടികളിലും ഗവൺമെന്റിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ട്. 1969–ൽ അർഹതയുള്ള മൽസ്യത്തൊഴിലാളികൾക്ക് കുടിലുകൾ മേയുന്നതിനു സാമ്പത്തികസഹായം നൽകി, സ്വന്തം ഉപജീവനമാർഗ്ഗത്തിൽ ഏർപ്പെടുമ്പോൾ കഠിനമായ ക്ലേശങ്ങളെയും പ്രയാസങ്ങളെയും എതിരിടേണ്ടിവരുന്ന ഇവർ കഠിനാധ്വാനികളായ ഒരു വിഭാഗം തൊഴിലാളികളാണ്. അവരുടെ ജീവിതവൃത്തിതന്നെ വളരെ അപകടസാദ്ധ്യതയുള്ളതാണ്. അനവധി കുടുംബങ്ങളെ അനാഥമാക്കിക്കൊണ്ട് മരണങ്ങളും അപകടങ്ങളും പലപ്പോഴും സ്വന്തം വൃത്തിയിലേർപ്പെട്ടിരിക്കുമ്പോൾ അവരുടെ ഇടയിലുണ്ടാകാറുണ്ട്. താൽക്കാലികമായ ചില്ലറ സഹായങ്ങൾക്കു പകരം സ്ഥിരമായ ഒരു ആശ്വാസപദ്ധതി ആവിഷ്ക്കരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. മൽസ്യബന്ധനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ കുടുംബങ്ങൾക്ക് സംരക്ഷണം ലഭിക്കത്തക്കവണ്ണം ഒരു ഇൻഷ്വറൻസ് പദ്ധതി സംവിധാനം ചെയ്തു നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിലേക്ക് ബഡ്ജറ്റിൽ ടോക്കൺസംഖ്യ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ക്ഷീരവ്യവസായവും മൃഗസംരക്ഷണവും

1970–71–ലെ ക്ഷീരവ്യവസായ വികസന പരിപാടികളിൽ, ആലപ്പുഴയിൽ ഒരു ക്ഷീരസംസ്ക്കരണ പ്ലാന്റു സ്ഥാപിക്കുന്നതും തിരുവനന്തപുരത്തെ ക്ഷീരവിതരണ കേന്ദ്രത്തിന്റെ ഉൽപാദനശക്തി വർദ്ധിപ്പിക്കുന്നതും, എറണാകുളം ക്ഷീരവിതരണ പദ്ധതിയോടനുബന്ധിച്ച് ഒരു പാൽപ്പൊടി

LIBRARY ARCHIVES Kerala Legislative Assembly